# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**12.11.2019 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. **4209**

### കാരക്കുത്ത് പ്രദേശത്ത്കരിങ്കൽ ക്വാറി ആരംഭിക്കാനുള്ള ശ്രമം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.മുഹമ്മദ് മുഹസിൻ പി. | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പമന്ത്രി) |
| (എ) കരിങ്കൽ ക്വാറി ആരംഭിക്കുന്നതിന് ലൈസൻസ് ലഭിക്കുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്നും ഏതൊക്കെ വകുപ്പ കളുടെ സമ്മതം ആവശ്യമാണെന്നും വിശദീകരിക്കാമോ; | (എ) കരിങ്കൽ ക്വാറി തുടങ്ങുവാൻ ഉദ്ദേശിക്കുന്ന വ്യക്തി/ സ്ഥാപനം, കരിങ്കല്ല് സ്ഥിതി ചെയ്യുന്ന വസ്തുവിന്റെ റവന്യൂ രേഖകളായ കൈവശാവകാശ സർട്ടിഫിക്കറ്റ്, അപേക്ഷാ സ്ഥലം മറ്റാവശ്യങ്ങൾക്ക് പതിച്ച് നൽകിയതല്ലായെന്ന വ്യക്തമാക്കുന്ന വില്ലേജ് ആഫീസർ അനുവദിച്ച നോൺ അസൈൻമെന്റ് സർട്ടിഫിക്കറ്റ്, കരിങ്കല്ല് ഖനനം ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിനുചുറ്റും കോൺക്രീറ്റ്/ അയൺ പില്ലറുകൾ നാട്ടി അപേക്ഷാസ്ഥലം ഡീമാർ ക്കേറ്റ് ചെയ്തിട്ടുണ്ടെന്ന റവന്യൂ അധികാരിയുടെ സർട്ടിഫിക്കറ്റ്, തഹസീൽദാർ മേലൊപ്പുവച്ച അപേക്ഷാസ്ഥലത്തിന്റെ സർവ്വെ മാപ്പ്, അപേക്ഷാസ്ഥലം മറ്റൊരാളുടേതാണെങ്കിൽ വസ്തു ഉടമയുടെ സമ്മതപത്രം, ഇൻകം ടാക്സ് അടയ്ക്കുന്നതു സംബന്ധിച്ച് അഫിഡവിറ്റ് എന്നീ രേഖകളുമായി ബന്ധപ്പെട്ട മൈനിംഗ് ആന്റ് ജിയോളജി ജില്ലാ ആഫീസിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ജില്ലാ ജിയോളജിസ്റ്റ് സ്ഥല പരിശോധന നടത്തി വിശദമായ സ്ഥലപരിശോധന റിപ്പോർട്ട് തയ്യാറാക്കി ഒരു ഹെക്ടറിൽ കുറഞ്ഞ വിസ്തീർണ്ണമുള്ള സ്ഥലമാണെങ്കിൽ ജില്ലാ ആഫീസിൽ നിന്നും നടപടി സ്വീകരിക്കുകയും, ഒരു ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണമുള്ള സ്ഥലമാണെങ്കിൽ ദീർഘകാല അടിസ്ഥാനത്തിൽ ക്വാറിയിംഗ് ലീസ് അനുവദിക്കുന്നതിനായി മൈനിംഗ് & ജിയോളജി ഡയറക്ടറുടെ കാര്യാലയത്തിലേക്ക് അയച്ചു കൊടുക്കേണ്ടതുമാണ്. 2015 – ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ വ്യവസ്ഥകൾ ക്കനുസൃതമായി ക്വാറി പ്രവർത്തിപ്പിക്കുവാനുള്ള സാഹചര്യം നിലവിലുണ്ടെങ്കിൽ, മറ്റു വകുപ്പുകളിൽ നിന്നും സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ സമ്പാദിക്കുന്ന തിലേക്ക് ലെറ്റർ ഓഫ് ഇന്റന്റ് (LOI) അനുവദിക്കുകയാണ് ആദ്യം ചെയ്യുന്നത്. ഒരു ക്വാറിക്ക് ലൈസൻസ് അനുവദിക്കുന്നതിനായി സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ |

അതോറിറ്റിയിൽ (SEIAA) നിന്നുള്ള പാരിസ്ഥിതികാനുമതി, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും അനുവദിക്കുന്ന കൺസന്റ് റ്റു ഓപ്പറേറ്റ്, ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നുള്ള ലൈസൻസ്, പെട്രോളിയം ആന്റ് എക്സ്പ്ലോസീവ്സ് സേഫ്റ്റി ഓർഗനൈസേഷൻ (PESO) അനുവദിക്കുന്ന എക്സ്പ്ലോസീവ്സ് ലൈസൻസ്, റെകഗ്നൈസ്ഡ് ക്വാളിഫൈഡ് പേഴ്സൺ (RQP) തയ്യാറാക്കുന്ന മൈനിംഗ് പ്ലാൻ എന്നിവ ഹാജരാക്കേണ്ടതുണ്ട്. മേൽപറഞ്ഞ സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ക്വാറിക്ക് ലൈസൻസ് അനുവദിക്കാൻ സാധിക്കുകയുള്ളൂ.

(ബി) പട്ടാമ്പി താലൂക്കിലെ മുതുതല പഞ്ചായത്തിലെ കാരക്കുത്ത് പ്രദേശത്ത് ക്വാറി ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ നടപടിക്രമങ്ങൾ എവിടം വരെയായി എന്ന് വിശദമാക്കാമോ;

(ബി) പട്ടാമ്പി താലൂക്കിലെ മുതുതല വില്ലേജിൽ റീ സർവ്വെ നം. 25/2, 37/3, 38/3, 38/4, 38/11 – ൽ പ്പെട്ട 5.0878 ഹെക്ടർ സ്ഥലത്ത് ക്വാറി ആരംഭിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ട്. തുടർന്ന് 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ സമ്പാദിക്കുന്നതിലേക്ക് ലെറ്റർ ഓഫ് ഇന്റന്റ് അനുവദിച്ചിരുന്നു. എന്നാൽ തുടർ നടപടികൾക്ക് ആവശ്യമായ സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ അപേക്ഷകൻ ഹാജരാക്കിയിട്ടില്ല.

(സി) കഴിഞ്ഞ പ്രളയത്തിൽ ആളപായം ഇല്ലെങ്കിൽ കൂടിയും ഉരുൾപൊട്ടൽ നടന്ന പ്രദേശത്താണ് പ്രസ്തുത ക്വാറി ആരംഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നിട്ടുള്ളത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിർദ്ദിഷ്ട സ്ഥലം ഒരു വിദഗ്ദ്ധ സംഘത്തെ അയച്ച് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദുരന്തനിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ദ സംഘം നിർദ്ദിഷ്ട ക്വാറി സ്ഥലം പരിശോധന നടത്തി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഇനിയും ഉരുൾപൊട്ടാൻ വലിയ സാധ്യത നിലനില്ക്കുന്ന പ്രസ്തുത പ്രദേശത്ത് ഒരു ക്വാറി ആരംഭിക്കുന്നത് വലിയ ദുരന്തത്തിന് കാരണമാകുമെന്നുള്ളത് കൊണ്ട് ഈ കരിങ്കൽ ക്വാറി ആരംഭിക്കുന്നതിന് അനുമതി നൽകാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

(ഡി) 26.10.2017 തീയതിയിൽ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ലെറ്റർ ഓഫ് ഇന്റന്റ് അനുവദിച്ചശേഷം രണ്ട് വർഷത്തോളമായിട്ടും, ക്വാറിയിംഗ് ലീസ് അനുവദിക്കുന്നതിന് ആവശ്യമായ മറ്റു സ്റ്റാറ്റ്യൂട്ടറി ലൈസൻസുകൾ അപേക്ഷകൻ ഹാജരാക്കിയിട്ടില്ല. പ്രസ്തുത ലൈസൻസുകൾ ഹാജരാക്കിയാൽ മാത്രമേ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ക്വാറിയിംഗ് ലീസ് അനുവദിക്കുന്ന വിഷയം പരിഗണിക്കുവാൻ നിർവാഹമുള്ളൂ.

സെക്ഷൻ ഓഫീസർ